# Prime Minister meets Italian Prime Minister Mario Draghi on the margins of G20 Summit in Rome

October 29, 2021

---

**റോമിൽ നടക്കുന്ന ജി20 ഉച്ചകോടിക്കിടെ പ്രധാനമന്ത്രി ഇറ്റാലിയൻ പ്രധാനമന്ത്രി മരിയോ ഡ്രാഗിയുമായി കൂടിക്കാഴ്ച നടത്തി**

ഒക്ടോബർ 29, 2021

1. റോമിൽ നടക്കുന്ന ജി-20 ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ, 2021 ഒക്ടോബർ 29 ന് പ്രധാനമന്ത്രി ശ്രീ നരേന്ദ്രമോദി ഇറ്റലി പ്രധാനമന്ത്രി മരിയോ ഡ്രാഗിയെ സന്ദർശിച്ചു ഇവരുടെ ആദ്യ കൂടിക്കാഴ്ചയായിരുന്നു ഇത്. ആഗോള മഹാമാരിയ്ക്കിടയിലും ജി20 ആതിഥേയത്വം വിജയകരമായി നിർവഹിച്ചതിന് പ്രധാനമന്ത്രി ഡ്രാഗിയെ പ്രധാനമന്ത്രി മോദി അഭിനന്ദിച്ചു. ഗ്ലാസ്ഗോയിൽ COP-26 സംഘടിപ്പിക്കുന്നതിൽ ഇറ്റലി യുകെയുടെ പങ്കാളിത്തത്തിൽ പ്രവർത്തിക്കുന്നുണ്ട്.

2. കാലാവസ്ഥാ വ്യതിയാനം ഉയർത്തുന്ന വെല്ലുവിളികളെക്കുറിച്ചും അന്താരാഷ്ട്ര സമൂഹം ഒരുമിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും ഇരു നേതാക്കളും ചർച്ച ചെയ്തു. ഇന്ത്യ സ്വീകരിച്ച പരിവർത്തനാത്മക കാലാവസ്ഥാ നടപടികളും വികസിത രാജ്യങ്ങളുടെ കാലാവസ്ഥാ ധനസഹായ പ്രതിബദ്ധതകളെക്കുറിച്ചുള്ള വികസ്വര രാജ്യങ്ങൾക്കുള്ള ആശങ്കകളും പ്രധാനമന്ത്രി എടുത്തുപറഞ്ഞു.

3. അഫ്ഗാനിസ്ഥാനിലും ഇന്തോ-പസഫിക്കിലും ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ സമീപകാലത്തുള്ള ആഗോള, പ്രാദേശിക സംഭവവികാസങ്ങളെക്കുറിച്ച് ഇരു നേതാക്കളും കാഴ്ചപ്പാടുകൾ കൈമാറി. ഇന്ത്യ-യൂറോപ്യൻ യൂണിയൻ ബഹുമുഖ സഹകരണം വർദ്ധിപ്പിക്കുന്നതിന് ഒരുമിച്ച് പ്രവർത്തിക്കാനുള്ള തങ്ങളുടെ ആഗ്രഹം അവർ ആവർത്തിച്ചു.

4. ഉഭയകക്ഷി മേഖലകൾ സംബന്ധിച്ചു, 2020 നവംബറിൽ നടന്ന ഇന്ത്യ-ഇറ്റലി വെർച്വൽ ഉച്ചകോടിക്ക് ശേഷമുള്ള സംഭവവികാസങ്ങൾ ഇരു നേതാക്കളും അവലോകനം ചെയ്യുകയും. അടുത്ത 5 വർഷങ്ങൾക്കുള്ളിൽ നേടിയെടുക്കുന്നതിനായി നിജപ്പെടുത്തിയിട്ടുള്ള രാഷ്ട്രീയ, സാമ്പത്തിക, നയതന്ത്ര, ശാസ്ത്ര സാങ്കേതിക , സാംസ്കാരിക രംഗങ്ങളിലെ ലക്ഷ്യങ്ങൾ

സ്ഥാപിക്കുന്ന വെർച്ചൽ ഉച്ചകോടിയിൽ സ്വീകരിച്ച 2020-2025 ആക്ഷൻ പ്ലാൻ നടപ്പിലാക്കുന്നതിലെ പുരോഗതിയിൽ സംതൃപ്തി രേഖപ്പെടുത്തുകയും ചെയ്തു.

5.5. ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര, നിക്ഷേപ ബന്ധങ്ങൾ, പ്രത്യേകിച്ച് തുണിത്തരങ്ങൾ, ഭക്ഷ്യ സംസ്കരണം, ഓട്ടോമോട്ടീവ്, പുനരുപയോഗ ഊർജ മേഖലകളിൽ കൂടുതൽ വിപുലീകരിക്കുന്നതിനുള്ള തങ്ങളുടെ പ്രതിബദ്ധത ഇരു നേതാക്കളും ആവർത്തിച്ചു. . പുനരുൽപ്പാദിപ്പിക്കാവുന്നതും ശുദ്ധമായ ഊർജ്ജം സംബന്ധിച്ചുള്ള ഉഭയകക്ഷി സഹകരണത്തിന് പുത്തൻ ഉണർവ് നൽകുന്നതിനായി,ഊർജ കൈമാറ്റത്തിൽ തന്ത്രപരമായ പങ്കാളിത്തം പ്രഖ്യാപിച്ചു കൊണ്ട് ഇന്ത്യയും ഇറ്റലിയും ചേർന്ന് ഒരു സംയുക്ത പ്രസ്താവന പുറത്തിറക്കി കൂടാതെ വലിയ വലിപ്പത്തിലുള്ള ഗ്രീൻ കോറിഡോർ പദ്ധതികൾ, സ്മാർട്ട് ഗ്രിഡുകൾ, ഊർജ്ജ സംഭരണ പരിഹാരങ്ങൾ,വാതക ഗതാഗതം, സംയോജിത മാലിന്യ സംസ്കരണം (വെയ്സ്റ്റ് ടു വെൽത്ത്), ഹരിത ഹൈഡ്രജന്റെ വികസനവും വിന്യാസവും ജൈവ ഇന്ധനങ്ങളുടെ പ്രചാരണവും.മുതലായ മേഖലകളിൽ പങ്കാളിത്തം പര്യവേക്ഷണം ചെയ്യാൻ സമ്മതിക്കുകയും ചെയ്തു. ഇന്ത്യയും ഇറ്റലിയും കൂടിക്കാഴ്ചയ്ക്കിടെ ടെക്സ്റ്റൈൽ സഹകരണം സംബന്ധിച്ച ഉദ്ദേശപ്രസ്താവനയിൽ ഒപ്പുവയ്ക്കുകയും ചെയ്തു .

6. ഏറ്റവും നേരത്തെയുള്ള അവസരത്തിൽ ഇന്ത്യയിലേക്ക് ഔദ്യോഗിക സന്ദർശനം നടത്താൻ പ്രധാനമന്ത്രി ഡ്രാഗിയെ പ്രധാനമന്ത്രി ക്ഷണിച്ചു.

റോം
ഒക്ടോബർ 29, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.